**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5730** **24-03-2025 - ൽ മറുപടിയ്ക്ക്**

**വാടക ലഭിക്കാത്ത വാണിജ്യ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കാൻ വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യ കെട്ടിടങ്ങൾ വാടകയ്ക്ക് ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ അവയുടെ നികുതി ഒഴിവാക്കി നൽകാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യ കെട്ടിടങ്ങൾ വാടകയ്ക്ക് ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ അവയുടെ വസ്തു നികുതി നിബന്ധനകൾക്ക് വിധേയമായി ഒഴിവാക്കി നൽകാൻ വ്യവസ്ഥയുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതി സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ, അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് തുടർച്ചയായി ഒരാവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞ് കിടന്നിട്ടുള്ള ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്.<br><br>കേരള മുൻസിപ്പാലിറ്റി ആക്ട് 239 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതി സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ തുടർച്ചയായി ഒരാവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ആവശ്യമായ അന്വേഷണം നടത്തി ബോധ്യപ്പെട്ടശേഷം ആ അർദ്ധവർഷത്തെക്കുള്ള വസ്തു നികുതി 239 ചട്ടം പ്രകാരം സെക്രട്ടറിക്ക് ഇളവ് ചെയ്ത് നൽകാവുന്നതാണ് |
| (ബി) | ഇങ്ങനെ നികുതി ഒഴിവാക്കി നൽകുന്നതിൽ നഗരസഭ, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവയിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇങ്ങനെ നികുതി ഒഴിവാക്കി നൽകുന്നതിൽ നഗരസഭ, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവയിൽ വ്യത്യസ്ത ചട്ടങ്ങൾ പ്രകാരം മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് തുടർച്ചയായി |

| | | | |
|---|---|---|---|
| | | | ഒരാവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞ് കിടന്നിട്ടുള്ള ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. കോർപ്പറേഷൻ മുൻസിപ്പാലിറ്റി പരിധിയിൽ ഒരാവശ്യത്തിനും ഉപയോഗിക്കാതെ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായി ഒഴിഞ്ഞ് കിടന്നിട്ടുള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ അന്വേഷണം നടത്തി ബോധ്യപ്പെട്ടശേഷം ആ അർദ്ധവർഷത്തെക്കുള്ള വസ്തു നികുതി സെക്രട്ടറിക്ക് ഇളവ് ചെയ്ത് നൽകാവുന്നതാണ് . |

സെക്ഷൻ ഓഫീസർ